(സി) പുതുതായി സൃഷ്ടിച്ച എല്ലാ തസ്തികകളിലും നിയമനം നടത്തിവരുന്നു.

(ഡി) പത്തനംതിട്ട ജില്ലയിൽ റാന്നിയിലെ എം. സി. ചെറിയാൻ മെമ്മോറിയൽ താലൂക്കാശുപത്രിയിൽ ഐ. പി. ചികിത്സാ സൗകര്യം തുടങ്ങുന്നതിനായി നൂറു കിടക്കകളുള്ള പുതിയ കെട്ടിടം പണി പൂർത്തിയായി പ്രവർത്തനം തുടങ്ങുന്നതിന്റെ ആദ്യപടിയായി അഞ്ച് ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഇ) ആശുപത്രികളെ സംബന്ധിച്ച വിവരം ഉത്തരം 'ബി'യിൽ കാണുക. പി.എച്ച്.സി.യെ സംബന്ധിച്ച വിവരം അനുബന്ധം-2-ൽ ചേർക്കുന്നു.†

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ തസ്തികകൾ

161 [139] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിലെ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ ഉണ്ട്;

(ഡി) എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അത് നികത്താൻ എന്തെല്ലാം നടപടികൾ എന്നത്തേക്ക് സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) 5 തസ്തികകൾ ഉണ്ട്. സിവിൽ സർജൻ - 2, അസിസ്റ്റന്റ് സർജൻ - 3.

(ഡി) സിവിൽ സർജന്റെ ഒരൊഴിവുണ്ട്. സിവിൽ സർജൻമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാവുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly